
എ.വൈ.ആർ

ഖുർആൻ വിവിധ ജനവിഭാഗങ്ങളുടെ ഉത്ഥാനപതനങ്ങൾ പരാമർശിക്കുന്നതിന്റെ ലക്ഷ്യം ആ ജനതയുടെ സമ്പൂർണ ചരിത്രം പഠിപ്പിക്കുകയല്ല. പ്രത്യുത അനുവാചകർ ആ ഉത്ഥാനപതനങ്ങളുടെ മൗലിക കാരണം മനസ്സിലാക്കി അതിൽ നിന്ന് പാഠമുൾക്കൊള്ളുകയാണ്. അതിനുവേണ്ട ചരിത്ര ശകലങ്ങൾ മാത്രമേ ഖുർആൻ പറയാറുള്ളൂ. അതിൽ ആ ചരിത്രങ്ങൾ അരങ്ങേറിയ സമൂഹങ്ങളുടെ പേരോ സ്ഥല കാലങ്ങളോ ഒന്നും പ്രസക്തമല്ല.



وَعَادًا وَثَمُودَ وَأَصْحَابَ الرَّسِّ وَقُرُونًا بَيْنَ ذَٰلِكَ كَثِيرًا ﴿٣٨﴾
وَكُلًّا ضَرَبْنَا لَهُ الْأَمْثَالَ ۖ وَكُلًّا تَبَّرْنَا تَتْبِيرًا ﴿٣٩﴾

**38.** ആദ്, സമൂദ് വർഗങ്ങളെയും റസ്സുകാരെയും ഇടക്കാല ശതകങ്ങളിലെ നിരവധി ജനതകളെയും നാം ഇതുപോലെ ശിക്ഷിച്ചിരിക്കുന്നു.

**39.** ആ ജനതകളിലോരോന്നിനും നാം സത്യം വിശദീകരിച്ചുകൊടുത്തിരുന്നു. പിന്നെ ഓരോന്നിനെയും തകർത്തുകളയുകയായിരുന്നു.

**38,39**

وَعَادًا وَثَمُودَ وَأَصْحَابَ الرَّسِّ = ആദ് വർഗത്തെയും സമൂദ് വർഗത്തെയും റസ്സുകാരെയും

وَقُرُونًا بَيْنَ ذَٰلِكَ كَثِيرًا = അതിനിടക്കുള്ള നിരവധി തലമുറകളെയും (ഇടക്കാല ശതകങ്ങളിലെ നിരവധി ജനതകളെയും നാം ഇതുപോലെ ശിക്ഷിച്ചിരിക്കുന്നു)

وَكُلًّا ضَرَبْنَا لَهُ الْأَمْثَالَ = എല്ലാ ഓരോരുത്തരോടും നാം ഉദാഹരണങ്ങൾ പറഞ്ഞു (ആ ജനതകളിലോരോന്നിനും നാം സത്യം വിശദീകരിച്ചുകൊടുത്തിരുന്നു)

وَكُلًّا تَبَّرْنَا تَتْبِيرًا = എല്ലാവരെയും നാം ഒരു തകർക്കൽ തകർക്കുകയും ചെയ്തു (പിന്നെ ഒരോന്നിനെയും തകർത്തുകളയുകയായിരുന്നു)

وَعَادً എന്ന തുടക്കത്തിൽ اهلكنا (നാം നശിപ്പിച്ചു) എന്നൊരു വാക്ക് അനുക്തമായിരിക്കുന്നുവെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. നൂഹി(അ)ന്റെ കാലശേഷം ആദ്യം നശിപ്പിക്കപ്പെട്ട ജനമാണ് ആദ് ഗോത്രം. ഹൂദ് (അ) ആയിരുന്നു ഈ ഗോത്രത്തിലേക്ക് നിയുക്തനായ പ്രവാചകൻ. ആദ് വർഗത്തിന്റെ നാശത്തിനു ശേഷം ഉയർന്നുവന്നവരാണ് സമൂദ് വർഗം. അവരിൽ ആഗതനായ പ്രവാചകൻ സ്വാലിഹ് (അ) ആയിരുന്നു. സമൂദിന്റെ നാശത്തിനു ശേഷമായിരുന്നു അസ്ഹാബുർറസ്സിന്റെ നാശം. ആദ് ഗോത്രത്തിനും അസ്ഹാബുർറസ്സിനുമിടയിൽ നിരവധി നശീകൃത ഗോത്രങ്ങൾ വേറെയും ഉണ്ടായിട്ടുണ്ട്. ഈ സമൂഹങ്ങളിലും പ്രവാചകന്മാർ നിയുക്തരായിട്ടുണ്ടായിരുന്നു. പക്ഷേ, പ്രവാചകന്മാർ നീട്ടിയ രക്ഷാപാശം പിടിക്കാൻ ആ സമൂഹങ്ങൾക്ക് ഭാഗ്യമുണ്ടായില്ല. ഖുർആൻ പരാമർശിക്കാത്ത പ്രവാചകന്മാരും ധാരാളമുണ്ടെന്ന് ഖുർആൻ തന്നെ പല സ്ഥലങ്ങളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. അവർ ആരൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും അല്ലാഹുവിനു മാത്രമേ കൃത്യമായി അറിയൂ. പ്രബലരും പരാക്രമശാലികളും പ്രതാപികളുമായി വാണ എത്രയോ സമൂഹങ്ങൾ നശിച്ചുപോയിരിക്കുന്നു. അവരിൽ പലതും ഈ ലോകത്ത് ജീവിച്ചിരുന്നുവെന്നതിന്റെ യാതൊരടയാളവും അവശേഷിച്ചിട്ടില്ലാത്ത വിധം മാഞ്ഞുപോയിരിക്കുന്നു. അതുകൊണ്ട് ചരിത്ര ഗവേഷകർക്കു പോലും വളരെ പരിമിതമായ അറിവേ അവരെക്കുറിച്ചുള്ളൂ. ആ അറിവു തന്നെ അബദ്ധ സുബദ്ധങ്ങളുടെ മിശ്രിതവുമാണ്.

നൂഹ്, ഹൂദ്, സ്വാലിഹ്, മൂസാ തുടങ്ങിയ പ്രവാചകന്മാരെയും അവരുടെ ജനതകളെയും കുറിച്ച് ചില വിവര

ങ്ങൾ ഖുർആൻ നൽകുന്നുണ്ട്. അവരുടേതെന്ന് കരുതാവുന്ന കുറേ പുരാവസ്തുക്കൾ അവശേഷിക്കുന്നുമുണ്ട്. എന്നാൽ, അസ്ഹാബുർറസ്സിന്റേതെന്ന് ഉറപ്പിക്കാവുന്ന ചരിത്രശേഷിപ്പുകളൊന്നും കണ്ടെത്തിയിട്ടില്ല. ഖുർആൻ അവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകിയിട്ടുമില്ല. അതിനാൽ ഈ സമുദായം ഏതായിരുന്നു, എവിടെയായിരുന്നു എന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ പല അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. സമൂദ് ഗോത്രം ഉപയോഗിച്ചിരുന്ന വലിയ കിണറിന്റെ പേരാണ് റസ്സ് എന്ന് ചിലർ പറയുന്നു. അങ്ങനെയാണെങ്കിൽ അസ്ഹാബുർറസ്സ് സമൂദ് ഗോത്രം തന്നെയാവാം. സൂറഃ *അൽബുറൂജിൽ* പറയുന്ന അസ്ഹാബുൽ ഉഖ്ദൂദ്-കിടങ്ങുകാർ-ആണ് അസ്ഹാബുർറസ്സ് എന്നാണ് മറ്റൊരഭിപ്രായം. കിടങ്ങുകാർ ആരാണ് എന്നും കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ല. അവർ ഒരു സിറിയൻ സമൂഹമായിരുന്നുവെന്നും അതല്ല അറേബ്യയിലെ നജ്റാൻകാരായിരുന്നുവെന്നും അതുമല്ല പേർഷ്യക്കാരായിരുന്നുവെന്നും എല്ലാം അഭിപ്രായമുണ്ട്. കോൺസ്റ്റന്റെയ്ൻ ചക്രവർത്തിയുടെ കാലത്ത് കോൺസ്റ്റാന്റിനോപ്പിളിലുണ്ടായിരുന്ന ക്രൈസ്തവരാണെന്നാണ് മറ്റൊരഭിപ്രായം. യമൻകാരാണെന്നും യമാമക്കാരാണെന്നും വാദിച്ചവരുമുണ്ട്. വചനം ഈ വ്യാഖ്യാനഭേദങ്ങൾക്കെല്ലാം പഴുതുള്ളതാണ്.

ശുഐബ് നബി(അ)യുടെ സമുദായമാവാം അസ്ഹാബുൽ ഉഖ്ദൂദ് എന്നുമുണ്ടൊരു അഭിപ്രായം. ആരും കിടങ്ങുകാർ ഇന്ന ജനതയാണെന്ന് ഉറപ്പിച്ചു പറഞ്ഞിട്ടില്ല. അവരവർ മുൻഗണന നൽകുന്ന അഭിപ്രായം പ്രകടിപ്പിക്കുകയാണ് എല്ലാവരും ചെയ്തിട്ടുള്ളത്.

അസ്ഹാബുർറസ്സിനെ സംബന്ധിച്ച ഭിന്നാഭിപ്രായങ്ങൾ ചർച്ചചെയ്ത ഇബ്നുജരീർ അവയിലൊരഭിപ്രായവും ഉറപ്പിക്കാവുന്നതല്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ഇമാം സമഖ്ശരി തന്റെ തഫ്സീറിൽ മുൻഗണന നൽകിയിട്ടുള്ളത് അസ്ഹാബുർറസ്സ് ശുഐബ് നബിയുടെ ജനതയാണെന്ന വീക്ഷണത്തിനാണ്. ഇതിനു പക്ഷേ അവഗണിക്കാനാവാത്ത ഒരു ദൗർബല്യമുണ്ട്. സൂറഃ *അൽഖമർ* 12-ാം സൂക്തത്തിൽ അസ്ഹാബുർറസ്സിനെയും 14-ാം സൂക്തത്തിൽ അസ്ഹാബുൽ ഐക്കയെയും വെവ്വേറെ സമുദായങ്ങളായി പരാമർശിച്ചിരിക്കുന്നുവെന്നതാണത്. അസ്ഹാബുൽ ഐകഃ ശുഐബ് നബിയുടെ ജനതയാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എങ്കിൽ മറ്റൊരു സമുദായമെന്ന നിലയിൽ പരാമൃഷ്ടമായ അസ്ഹാബുർറസ്സ് അവരായിരിക്കാൻ നിർവാഹമില്ലല്ലോ. കൂടാതെ 9:70-ലും 22:44-ലും ഖുർആൻ ശുഐബ് നബിയുടെ ജനതയെ അസ്ഹാബുമദ്യൻ എന്നാണ് വിളിച്ചിട്ടുള്ളത്.

ഒരു പുരാതന ഇസ്മാഈലീ ഖിബ്ലയാണ് അസ്ഹാബുർറസ്സ് കൊണ്ട് വിവക്ഷ എന്ന് സയ്യിദ് സുലൈമാൻ നദ്‌വി തന്റെ *അർദുൽ ഖുർആനിൽ* പറയുന്നു. ഒപ്പം ഇവരുടെ ചരിത്രം തികച്ചും അജ്ഞാതമാണെന്നും സമ്മതിക്കുന്നുമുണ്ട്. ഇസ്മാഈൽ നബി(അ)ക്കു ശേഷം മുഹമ്മദ് നബി(സ)ക്കു മുമ്പ് ഇസ്മാഈലീ വംശത്തിൽ ഏതെങ്കിലും പ്രവാചകൻ ആഗതനായതായി സ്ഥിരപ്പെട്ടിട്ടില്ല എന്നത് ഈ അഭിപ്രായത്തെയും ബലഹീനമാക്കുന്നു. പ്രവാചകൻ ആഗതനാവുകയും അദ്ദേഹത്തെ നിഷേധിച്ച്

ദൗത്യം ഭംഗിയായി നിറവേറ്റിയിട്ടുമുണ്ട്. ഇവിടെ ضَرَبْنَا لَهُ الْأَمْثَالَ എന്നു പറഞ്ഞതിന്റെ താൽപര്യം ബോധവത്കരണവും മുന്നറിയിപ്പും സുവിശേഷവും താക്കീതുമെല്ലാം ഫലപ്രദമാകാൻ ആവശ്യമായ എല്ലാ ഉപാധികളും പൂർത്തിയാക്കിക്കൊണ്ട് ദൈവദൂതന്മാർ എല്ലാവരെയും പ്രബോധനം ചെയ്തു എന്നാണ്. അവർ കേവലം തത്ത്വങ്ങളും സിദ്ധാന്തങ്ങളും പ്രസ്താവിച്ചു മതിയാക്കുകയായിരുന്നില്ല. മറിച്ച് പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെ, ചരിത്രസാക്ഷ്യങ്ങളിലൂടെ, ന്യായവാദങ്ങളിലൂടെ, പ്രായോഗിക മാതൃകകളിലൂടെയെല്ലാം സത്യം വിശദമായി ബോധ്യപ്പെടുത്തുകയും തെളിയിച്ചുകൊടുക്കുകയും ചെയ്തിരുന്നു. സത്യത്തെ മനപ്പൂർവം തള്ളിക്കളയുന്നവർക്കല്ലാതെ അവരെ നിഷേധിക്കാൻ കഴിയുമായിരുന്നില്ല. ബുദ്ധിയും വിവേകവും ഉപയോഗിച്ച് യാഥാർഥ്യങ്ങൾ മനസ്സിലാക്കാൻ കൂട്ടാക്കാതെ എന്തും നേരിൽ കണ്ടാലേ സ്വീകരിക്കൂ എന്ന് ശഠിക്കുന്നവരാണവർ. അത്തരക്കാരുടെ കാര്യത്തിലുള്ള അല്ലാഹുവിന്റെ സുന്നത്ത്-ദൈവികചര്യ-തങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്ന അതേ ദൈവശിക്ഷയാൽ ഉന്മൂലനം ചെയ്യപ്പെടുക എന്നതാണ്. ഒടുവിൽ അതുതന്നെ അവർ നേരിടേണ്ടിവന്നു. ആ ജനതകൾ ഓരോന്നോരോന്നായി ഉന്മൂല നാശം ചെയ്യപ്പെട്ടു. وَكُلًّا تَبَّرْنَا تَتْبِيرًا എന്നാണ് മൂലവാക്യം. ലോഹം, സ്ഫടികം പോലുള്ളവ ഉടച്ചു ചിതറുകയാണ് ഭാഷയിൽ تَتْبِير. ശിക്ഷിക്കുക, ഉന്മൂലനം വരുത്തുക എന്ന് പ്രയോഗാർഥം. മുച്ചൂടും തകർത്തുകളഞ്ഞു എന്നാണ് تَبَّرْنَا تَتْبِيرًا എന്ന വാക്കിന്റെ താൽപര്യം. ■

അനാചാരങ്ങളിൽ ശഠിച്ചു നിന്നതിനാൽ നശിപ്പിക്കപ്പെടുകയും ചെയ്തവരുടെ കൂട്ടത്തിലാണല്ലോ ഖുർആൻ അസ്ഹാബുർറസ്സിനെ പരാമർശിക്കുന്നത്.

കിണറിനും വൻകുഴിക്കും ഗർത്തത്തിനും കിടങ്ങിനുമൊക്കെ അറബിയിൽ رس എന്നു പറയും. ഉടമകളും അവകാശികളും സഖാക്കളുമൊക്കെയാണ് أصحاب. ധാരാളം ജലസ്രോതസ്സുകളുണ്ടായിരുന്നതിനാൽ കാർഷികസമ്പത്തുകൊണ്ടും കാലിസമ്പത്തുകൊണ്ടും സമൃദ്ധമായ ഒരു സമൂഹമായിരുന്നു അസ്ഹാബുർറസ്സ് എന്ന് മൊത്തത്തിൽ മനസ്സിലാക്കാം. ദൈവദൂതനെ ധിക്കരിച്ച് അധർമങ്ങളിൽ അതിരുകവിഞ്ഞപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു. ഖുർആൻ വിവിധ ജനവിഭാഗങ്ങളുടെ ഉത്ഥാനപതനങ്ങൾ പരാമർശിക്കുന്നതിന്റെ ലക്ഷ്യം ആ ജനതയുടെ സമ്പൂർണ ചരിത്രം പഠിപ്പിക്കുകയല്ല. പ്രത്യുത അനുവാചകർ ആ ഉത്ഥാനപതനങ്ങളുടെ മൗലിക കാരണം മനസ്സിലാക്കി അതിൽനിന്ന് പാഠമുൾക്കൊള്ളുകയാണ്. അതിനുവേണ്ട ചരിത്ര ശകലങ്ങൾ മാത്രമേ ഖുർആൻ പറയാറുള്ളൂ. അതിൽ ആ ചരിത്രങ്ങൾ അരങ്ങേറിയ സമൂഹങ്ങളുടെ പേരോ സ്ഥലകാലങ്ങളോ ഒന്നും പ്രസക്തമല്ല.

ഇപ്പറഞ്ഞ സമുദായങ്ങളെയെല്ലാം ധർമബോധമുള്ളവരാക്കാനും സംസ്കരിക്കാനും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിരുന്നു. അവരൊക്കെയും തങ്ങളുടെ

وَلَقَدْ أَتَوْا عَلَى الْقَرْيَةِ الَّتِي أُمْطِرَتْ مَطَرَ السَّوْءِ ۚ أَفَلَمْ يَكُونُوا يَرَوْنَهَا ۚ بَلْ كَانُوا لَا يَرْجُونَ نُشُورًا ﴿٤٠﴾

**40.** ദുർമഴ പെയ്ത നാട്ടിലൂടെ നിന്റെ ജനം തീർച്ചയായും കടന്നുപോകാറുള്ളതാണല്ലോ. അതിന്റെ ദാരുണാവസ്ഥ അവർ കാണാറുണ്ടായിരുന്നില്ലയോ? പക്ഷേ, കാര്യം അതല്ല; ഇവർ മരണാനന്തരം ഒരു ഉയിർത്തെഴുന്നേൽപ്പ് പ്രതീക്ഷിച്ചിരുന്നില്ല എന്നതത്രെ കാര്യം.

**40**

وَلَقَدْ أَتَوْا = തീർച്ചയായും അവർ (നിന്റെ ജനം) വന്നു (കടന്നുപോകാറുള്ളതാണല്ലോ) عَلَى الْقَرْيَةِ = ആ നാട്ടിലൂടെ

الَّتِي أُمْطِرَتْ مَطَرَ السَّوْءِ = ദുർമാരി പെയ്യിക്കപ്പെട്ടതായ

أَفَلَمْ يَكُونُوا يَرَوْنَهَا = അതിനെ(തിന്റെ ദാരുണാവസ്ഥ) അവർ കാണാറുണ്ടായിരുന്നില്ലയോ?

بَلْ = പക്ഷേ (കാര്യം അതല്ല) كَانُوا لَا يَرْجُونَ = അവർ പ്രതീക്ഷിക്കുന്നുണ്ടായിരുന്നില്ല (എന്നതത്രെ കാര്യം)

نُشُورًا = (മരണാനന്തരം) ഒരു ഉയിർത്തെഴുന്നേൽപ്പ്

**നാ**ട് ( قرية ) എന്ന് പരാമർശിക്കുന്നത് ലൂത്വ് നബിയുടെ നാടിനെയാണ്. 'അവർ' എന്ന് പറയുന്നത് അവിശ്വാസികളായ ഖുറൈശികളെയും. أُمْطِرَتْ مَطَرَ السَّوْءِ എന്ന വാക്യം ആ നാട്ടുകാർക്ക് വന്നുഭവിച്ച വിപത്തിനെ സൂചിപ്പിക്കുന്നു. വചനസാരമിതാണ്: ഇതര ജനങ്ങളുടെ വാസസ്ഥലങ്ങൾ ഇപ്പോൾ ഈ പ്രവാചകനെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഖുറൈശികൾക്ക് അത്രയൊന്നും അന്യമോ അജ്ഞാതമോ അല്ല. കൊടിയ ദൈവിക ശിക്ഷയുടെ സ്പഷ്ടമായ ദൃഷ്ടാന്തമായി നിലകൊള്ളുന്ന ചാവുകടൽ പ്രദേശങ്ങളിലൂടെ അവർ കച്ചവട യാത്രകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അപ്പോഴൊന്നും അവർ ഈ നാശാവശിഷ്ടങ്ങൾ കാണാറില്ലേ? അല്ല; അവരതൊന്നും കാണാത്തതല്ല പ്രശ്നം. പ്രത്യുത അവർക്ക് മരണാനന്തര ഉയിർത്തെഴുന്നേൽപിൽ യാതൊരു പ്രതീക്ഷയുമില്ല എന്നതാണ് പ്രശ്നം. അതിനാൽ എല്ലാം കാണുമ്പോഴും അവരന്ധരാകുന്നു. മനുഷ്യന്റെ ഉൾക്കണ്ണിന് വെളിച്ചം കിട്ടുന്നത് പരലോക വിശ്വാസത്തിൽനിന്നാണെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു. അതില്ലെങ്കിൽ മാംസചക്ഷുസ്സ് കാണുന്നതൊന്നും ഉൾക്കണ്ണിലേക്കെത്തുകയില്ല. ■